# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4274</u> <u>27.06.2013 -ലെ മറുപടിക്ക്.</u>

## <u>സ്പോർട്സ് ക്വോട്ടയിൽ സീറ്റുകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) നിലവിൽ സ്പോർട്സ് ക്വോട്ടയിൽ സീറ്റുകൾ അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും ആയത് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) കഴിഞ്ഞ വർഷം സ്പോർട്ട്സ് ക്വാട്ടയിൽ സീറ്റുകൾ അനുവദിച്ചിട്ടുള്ള ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നും ആയത് ഈ വർഷം ഒഴിവാക്കിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ പ്രവേശനനടപടികൾ അവസാനിച്ചശേഷം സ്പോർട്ട്സ് ക്വാട്ടയിൽ അധികസീറ്റുകൾ സൃഷ്ടിച്ചുകൊണ്ടുള്ള വിദ്യാർത്ഥിപ്രവേശനത്തിന് സ്പോർട്ട്സ് കൗൺസിലിൽ നിന്ന് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിക്കുകയും ഇവയിൽ ചിലതൊക്കെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഓരോബാച്ചിലും അനുവദനീയമായ വിദ്യാർത്ഥികളുടെ എണ്ണത്തിനതീതമായി ഇത്തരം പ്രവേശനങ്ങൾ നടന്ന സ്കൂളുകളിൽ നിന്നും ഭൗതികസൗകര്യങ്ങൾ സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. സ്പോർട്സ് ഹോസ്റ്റൽ സൗകര്യങ്ങളും ഗെയിംസിനുള്ള ടീം രൂപപ്പെടുത്തുന്നതിനുള്ള ആവശ്യകതയും കണക്കിലെടുത്താണ് ചില സ്കൂളുകളിൽ സ്പോർട്സിന് അധിക |

സീറ്റുകൾ ആവശ്യമായിവരുന്നത്. മുകളിൽ സൂചിപ്പിച്ച സാഹചര്യങ്ങളിൽ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ അഭ്യർത്ഥന പ്രകാരം സ്പോർട്ട്സ് ഹോസ്റ്റൽ സൗകര്യങ്ങൾ കണക്കിലെടുത്ത് ഏതാനും ചില സ്കൂളുകളിൽ സ്പോർട്ട്സ് ക്വാട്ടയിൽ അധികസീറ്റുകൾ നൽകാൻ സർക്കാർ തീരുമാനിച്ചു. ഇങ്ങനെ വർദ്ധിപ്പിക്കുന്ന സീറ്റുകൾക്ക് പകരം സമീപ സ്കൂളുകളിലെ സ്പോർട്സ് ക്വാട്ട സീറ്റുകൾ കുറവ് ചെയ്താണ് മെരിറ്റ് സീറ്റുകളിലെ എണ്ണം തുലനം ചെയ്യുന്നത്. അതായത് സ്പോർട്ട്സ് ക്വാട്ടയിൽ അധിക സീറ്റുകൾ നൽകിയ സ്കൂളിലെ ജനറൽ മെരിറ്റ് സീറ്റുകളിൽ കുറവും സ്പോർട്സ് സീറ്റുകൾ കുറവ് ചെയ്ത സ്കൂളുകളിലെ ജനറൽ മെരിറ്റ് സീറ്റുകളുടെ എണ്ണത്തിൽ വർദ്ധനയുമുണ്ടാകും. ജനറൽ മെരിറ്റ് സീറ്റുകളുടെയും സ്പോർട്ട്സ് ക്വാട്ട സീറ്റുകളുടെയും ആകെ എണ്ണത്തിൽ ഒരു വ്യത്യാസവും വരുത്താതെയാണ് ഈ വർദ്ധന ക്രമീകരിച്ചിരിക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടു കുറിശ്ശി ഗവ: ഹയർ സെക്കണ്ടറി സ്കൂളിൽ സ്പോർട്സ് ക്വോട്ടയിൽ എത്ര സീറ്റുകളാണ് ഉണ്ടായിരുന്നത്; പ്രസ്തുത സീറ്റുകൾ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) | പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിൽ ഓരോ കോഴ്സിലും ഓരോ സീറ്റുകൾ ഉണ്ടായിരുന്നു. പ്രസ്തുത സീറ്റുകൾ ഈ വർഷം ഒഴിവാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ കിഴക്കഞ്ചേരി സ്കൂളിൽ സ്പോർട്ട്സ് ഹോസ്റ്റൽ സൗകര്യം കണക്കിലെടുത്ത് സ്പോർട്ട്സ് സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. ജനറൽ സീറ്റിൽ ഉണ്ടായ കുറവ് പഞ്ചായത്തിലെ /താലൂക്കിലെ മറ്റു സ്കൂളുകളിൽ സ്പോർട്ട്സ് ക്വാട്ട സീറ്റുകൾ കുറവ് ചെയ്ത് ജനറൽ |

സീറ്റുകളാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഒഴിവാക്കിയ ഇത്തരം സീറ്റുകൾ മെറിറ്റ് സീറ്റുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പെരിങ്ങോട്ടുകുറിശ്ശി എച്ച്. എസ്. എസ്- ലെ സ്പോർട്സ് ക്വോട്ട പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

(സി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ